# പതിമൂന്നാം കേരള നിയമസഭ
# പന്ത്രണ്ടാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 755</u>    <u>03.12.2014 ൽ മറുപടിക്ക്</u>

## <u>പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യവികസനം</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ.എം.ഉമ്മർ | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്താൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലാണ്. പ്രസ്തുത സ്ഥാപനങ്ങളുടെ അറ്റകുറ്റപ്പണികളും മറ്റും അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ് നിർവഹിക്കുന്നത്. സംസ്ഥാനത്തെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി 283-ഓളം അധിക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. കൂടാതെ സ.ഉ(ആർ.റ്റി) നം.385/14/ആകുവ തീയതി 03/02/2014 പ്രകാരം എൻ.ആർ.എച്ച്.എം-ന്റെ സമഗ്ര ആരോഗ്യപദ്ധതിയിൽ ഉൾപ്പെടുത്തി 161 പി.എച്ച്.സികളിൽ പ്രൈമറി ഹെൽത്ത് ലാബുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യവികസനം ഉറപ്പുവരുത്താൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ? | (ബി) പി.എച്ച്.സികളിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ടുപയോഗിച്ചും പദ്ധതി/പദ്ധതിയേതര വിഹിതം, നബാഡ്, ആർ.എസ്.ബി.വൈ തുടങ്ങിയ ഫണ്ടുകളുപയോഗിച്ചും പി.എച്ച്.സികളിൽ കെട്ടിടം, ക്വാർട്ടേഴ്സ്, ലാബ്, എക്സ്റേ യൂണിറ്റ് തുടങ്ങിയ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ